# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 988

05.03.2018-ന് മറുപടിയ്ക്ക്

## പൊതുവിദ്യാലയങ്ങളിലെ അക്കാഡമിക് മാസ്റ്റർ പ്ലാൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ എല്ലാ പൊതുവിദ്യാലയങ്ങളും അക്കാഡമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടോ ;ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (എ) ഉണ്ട്. ഓരോ കുട്ടിയെയും കരിക്കുലം വിഭാവനം ചെയ്ത ലക്ഷ്യത്തിലേക്ക് വളർത്തിയെടുക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക എന്നതാണ് അക്കാഡമിക് മാസ്റ്റർ പ്ലാനിന്റെ ഉദ്ദേശ്യലക്ഷ്യം. |
| (ബി) ഇതിൽ എന്തെല്ലാം ഉൾക്കൊള്ളണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്; വിശദീകരിക്കുമോ; | (ബി) എൽ.പി./യു.പി./എച്ച്.എസ്./ എച്ച്.എസ്.എസ്./വി.എച്ച്.എസ്.എസ്. എന്നീ വിവിധ തലങ്ങളിലേക്ക് പ്രത്യേകം മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. കുട്ടികളുടെ പ്രയത്നത്തിന് അനുഗുണമായ കരിക്കുലർ ലക്ഷ്യങ്ങൾ സാർത്ഥകമാക്കുന്നതിനുള്ള പദ്ധതികളും ഓരോ സ്കൂളിന്റേയും പ്രാദേശിക, സാംസ്കാരിക, സാമൂഹിക പാരമ്പര്യവും പ്രദേശത്തിന്റെ തനതായ പ്രത്യേകതകളും കണക്കിലെടുത്ത് അവയെ കൃത്യമായി സമന്വയിപ്പിച്ച് അക്കാഡമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. |

(സി) പാഠ്യ – പാഠ്യേതര പ്രവർത്തനങ്ങൾ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കി നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ഓരോ സ്കൂളിന്റേയും പ്രാദേശിക, സാംസ്കാരിക, സാമൂഹിക പാരമ്പര്യവും പ്രദേശത്തിന്റെ തനതായ പ്രത്യേകതകളും കണക്കിലെടുത്ത്, അക്കാദമിക വിഷയങ്ങളിലുള്ള കുട്ടികളുടെ അറിവും കൂടാതെ കായികക്ഷമത ഉറപ്പാക്കൽ, സർഗ്ഗശേഷി വികസനം തുടങ്ങിയ കുട്ടികളുടെ സമഗ്ര വികസനത്തിനാവശ്യമായ എല്ലാ വസ്തുതകളും പരിഗണിച്ചുകൊണ്ട് അക്കാഡമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്.

(ഡി) അക്കാഡമിക് മാസ്റ്റർ പ്ലാനുകൾ പരിശോധിച്ച് തുടർപ്രവർത്തനങ്ങൾ നടത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

(ഡി) സ്കൂൾ തലത്തിൽ തയ്യാറാക്കിയ അക്കാഡമിക് മാസ്റ്റർ പ്ലാൻ മോണിറ്ററിംഗ് സമിതിയുടെ നേതൃത്വത്തിൽ പരിശോധന നടത്തിയശേഷം, മോണിറ്ററിംഗ് സമിതിയുടെ നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി സമൂഹത്തിന്റെ മുന്നിൽ അവതരിപ്പിക്കണം. ഇത്തരത്തിൽ അവതരിപ്പിക്കുമ്പോൾ ലഭിക്കുന്ന അഭിപ്രായങ്ങൾ കൂടി ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്താനുള്ള സാദ്ധ്യതയുണ്ടാവണം. പ്രസ്തുത അക്കാഡമിക് മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ തുടർ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ